## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2060 05.12.2018- ൽ മറുപടിയ്ക്ക്

### കുറയുന്ന വിദേശ കുടിയേറ്റം

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | 2018-ലെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ സർവ്വെ റിപ്പോർട്ട് പ്രകാരം വിദേശ കുടിയേറ്റം കുറയുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | എ) | 1998 മുതൽ 2018 വരെയുള്ള സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസിന്റെ സർവ്വേ റിപ്പോർട്ട് പ്രകാരം വിദേശ കുടിയേറ്റത്തിൽ 13.5% കുറവ് ഉണ്ടായിട്ടുണ്ട്. |
| ബി) | പ്രവാസികളുടെ എണ്ണം 11.5 ശതമാനം കുറഞ്ഞെന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ; | ബി) | സുരക്ഷിതവും നിയമപരവും ചെലവുകുറഞ്ഞതുമായ കുടിയേറ്റം ഉറപ്പുവരുത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. തൊഴിൽ വൈദഗ്ധ്യ പരിശീലനം, വ്യാജറിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നീ വിഷയങ്ങളിൽ കാര്യക്ഷമമായി സർക്കാർ ഇടപെടുന്നതിനു പുറമേ നോർക്കാ-റൂട്ട്സ് വഴിയുള്ള റിക്രൂട്ട്മെന്റിന് സാധ്യമായ എല്ലാ മാർഗ്ഗങ്ങളും തേടുന്നുണ്ട്. |
| സി) | കുടിയേറ്റം കുറയുവാനുള്ള പ്രധാന കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | സി) | കുടിയേറ്റം കുറയുവാൻ പ്രധാനമായും അഞ്ചു കാരണങ്ങളാണ് ഉള്ളത്.<br>1. ജനസംഖ്യാപരമായ പരിവർത്തനം കാരണം യുവതലമുറയുടെ എണ്ണത്തിലുണ്ടായ കുറവ്.<br>2. ഗൾഫ് മേഖലയിലുണ്ടായ വേതനക്കുറവ്.<br>3. കേരളത്തിലുണ്ടായ വേതന വർദ്ധനവ്.<br>4. എണ്ണവിലയിൽ ഉണ്ടായ കുറവ് ഗൾഫ് സമ്പദ് വ്യവസ്ഥയിൽ ഉണ്ടാക്കിയ തിരിച്ചടി.<br>5. ഗൾഫ് നാട്ടുകളിലെ സ്വദേശിവത്ക്കരണം.<br>മേൽ പറഞ്ഞിരിക്കുന്ന കാരണങ്ങളൊന്നും തന്നെ സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ളതല്ല. എന്നിരുന്നാലും സുരക്ഷിതവും നിയമപരവുമായ വിദേശ |

| | | | |
|---|---|---|---|
| | | | കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിനായി നോർക്ക-റൂട്ട്സിന്റെ റിക്രൂട്ട്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം സർക്കാർ ശക്തിപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | കുടിയേറ്റം കുറഞ്ഞതുവഴി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | ഡി) | കേരളത്തിന്റെ സമ്പദ്ഘടനയിൽ, പ്രവാസികളുടെ വിദേശ നിക്ഷേപം ഒരു പ്രധാന പങ്ക് വഹിക്കുന്നതിനാൽ, വിദേശ കുടിയേറ്റം കുറയുന്നത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ സാരമായി ബാധിക്കുന്നു എന്നത് വസ്തുതയാണ്. എന്നാൽ മുൻ വർഷങ്ങളേക്കാൾ കുടിയേറ്റത്തിന്റെ ശതമാനത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിലും പ്രവാസികളുടെ നിക്ഷേപത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ